പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 250 | 09.07.2015 -ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാലോട് രവി**<br>**ശ്രീ. സി.പി.മുഹമ്മദ്**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. വി.പി.സജീന്ദ്രൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ: | (എ) ഇല്ല എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) പാചകവാതക സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ : | (ബി) പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽവച്ച് പരിശോധിക്കപ്പെടുകയും കൂടുതൽ പരിശോധന ആവശ്യമായ സിലിണ്ടറുകൾ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. നിറ സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്ന് അയക്കുന്നതിന് മുമ്പ് ഭാരവും ചോർച്ചയും കൃത്യമായി പരിശോധിക്കപ്പെടുന്നു. ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന സിലിണ്ടറുകളുടെ ഭാരവും ചോർച്ചയും വീണ്ടും പരിശോധിക്കപ്പെടുകയും സിലിണ്ടറുകളുടെ സീൽ ഉപഭോക്താവിനെ കാണിച്ച് ബോധ്യപ്പെടുത്തി ആവശ്യമെങ്കിൽ വാൽവ് ലീക്ക് മുതലായ പരിശോധനകൾ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ നടത്തുകയും ചെയ്തതിനു ശേഷമാണ് സിലിണ്ടറുകൾ ഗ്യാസ് സ്റ്റൗവുമായി ബന്ധിപ്പിക്കുന്നത്. കൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട്. കൂടുതൽ വിവരങ്ങൾ www.mylpg.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഉപഭോക്താക്കൾക്ക് ടോൾ ഫ്രീ നമ്പരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പരോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) ഐ.ഒ.സി. എച്ച്.പി.സി. ബി.പി.സി ഈ മൂന്ന് എണ്ണക്കമ്പനികളുടേയും പൊതുവായ ടോൾ ഫ്രീ നമ്പർ 1800-233-3555 -ഉം ബന്ധപ്പെട്ട ഏര്യാ മാനേജർമാരുടേയും സെയിൽസ് ഓഫീസർമാരുടേയും ഫോൺ നമ്പരുകളും എല്ലാ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും കൂടാതെ എല്ലാ ഔദ്യോഗിക നമ്പരുകളും എണ്ണക്കമ്പനികളുടെ വെബ്സൈറ്റിൽ ലഭ്യമാണ് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ഡി) പാചകവാതകം സുഗമമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ? | (ഡി) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. |

Mini M

സെക്ഷൻ ഓഫീസർ